ഡിപ്പോയിൽ കൂടിയാണ് സർവ്വീസ് നടത്തുന്നത്. ധാരാളം പ്രൈവറ്റ് ബസ്സുകളും ഈ മേഖലയിൽ സർവ്വീസ് നടത്തുന്നുണ്ട്. ആയതിനാൽ കൂടുതൽ ബസ് സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

കണിയാപുരം കെ.എസ്.ആർ.ടി.സി. ഡിപ്പോ

78 [541] *ശ്രീ. എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണിയാപുരം കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് പ്രസ്തുത ഡിപ്പോയിൽ ഡീസൽ പമ്പ് തുടങ്ങുന്ന കാര്യം പരിഗണിക്കുന്നുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ നടപടികൾ ഏതുഘട്ടം വരെയായി എന്ന് വെളിപ്പെടുത്തുമോ; ഇല്ലെങ്കിൽ ഇതിലേക്കാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പരിഗണിക്കുന്നുണ്ട്.

(ബി) നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള ലേഔട്ട് മേപ്പ് ചെന്നൈ എക്സ്പ്ലോസീവ്സ് ജോയിന്റ് കൺട്രോളർക്ക് എക്സ്പ്ലോസീവ് അപ്രൂവലിന് വേണ്ടി അയച്ചു കൊടുത്തിരിക്കുകയാണ്. കൂടാതെ ഡീസൽ പമ്പ് സ്ഥാപിക്കുന്നതിന് എൻ.ഒ.സി. നൽകാൻ ജില്ലാ കളക്ടർക്ക് കെ.എസ്.ആർ.ടി.സി. അപേക്ഷ സമർപ്പിച്ചിട്ടുമുണ്ട്.

എടത്വാ കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

79 [542] *ഡോ. കെ. സി. ജോസഫ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എടത്വാ കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയുടെ പ്രതിദിന കളക്ഷൻ എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോകളിലെ ശരാശരി പ്രതിദിന കളക്ഷൻ എത്ര എന്ന് വെളിപ്പെടുത്തുമോ;

(സി) ശരാശരിയിൽ ഉയർന്ന കളക്ഷൻ ഉള്ള ദേശസാൽകൃത മേഖലയിലെ സബ് ഡിപ്പോ എന്ന നിലയിൽ എടത്വാ സബ് ഡിപ്പോയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) എടത്വാ കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ ഒരു പൂർണ്ണ സബ് ഡിപ്പോ ആയി നിലനിർത്തുന്നതിനും പരാധീനതകൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2005 ജൂൺ മാസത്തെ ശരാശരി വരുമാനം 77,749 രൂപയാണ്.

(ബി) അനുബന്ധമായി ചേർക്കുന്നു.†

(സി) എടതാ യൂണിറ്റിൽനിന്നും നിലവിൽ 20 ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്യുന്നത്. ഇവിടെനിന്നും ഇതിൽ കൂടുതൽ സർവ്വീസുകൾ നടത്തുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളോ മറ്റു സംവിധാനങ്ങളോ ഇല്ല. നിലവിലുള്ള സൗകര്യങ്ങളുപയോഗിച്ച് കഴിയുന്നത്ര കാര്യക്ഷമമായ പ്രവർത്തനം നടത്തുന്നുണ്ട്.

(ഡി) എടതാ യൂണിറ്റ് ഇപ്പോൾ ഒരു ഓപ്പറേറ്റിംഗ് സെന്റർ ആയിട്ടാണ് പ്രവർത്തിക്കുന്നത്. സബ് ഡിപ്പോ ആയി ഉയർത്താനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതുമൂലം ഈ നിർദ്ദേശം ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ല.

കോഴിക്കോട് - ബാലുശ്ശേരി റൂട്ടിൽ മിനി ബസ് ഓടിക്കാൻ നടപടി

80 [543] *ശ്രീ. എ. സി. ഷൺമുഖദാസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോടുനിന്ന് ആരംഭിച്ച് എരഞ്ഞിക്കൽ, അത്തോളി പീക്കിലോട്-നന്മണ്ട വഴി ബാലുശ്ശേരിയിലേക്ക് ഒരു മിനി ബസ് ഓടിക്കുവാൻ കെ.എസ്.ആർ.ടി.സി.ക്ക് നിർദ്ദേശം നൽകണം എന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിരുന്നുവോ;

(ബി) എങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചത് എന്ന് വെളിപ്പെടുത്താമോ;

(സി) ഈ റൂട്ടിൽ ഒരു മിനി ബസ് അനുവദിക്കുവാൻ കെ.എസ്.ആർ.ടി.സി.ക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) & (സി) ഈ കാര്യം പരിശോധിക്കുന്നതാണ്.

കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഇൻഷ്വർ ചെയ്യുന്നതിന് നടപടി

81 [544] *ശ്രീ. ബിനോയ് വിശ്വം:*

" *എം. കുമാരൻ:*

" *കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly